ANCHAL OFFICE—THOPPUMPADI

ന ഫ ര. മിസ്റ്റർ ജി. എസ്. ധരാസിംഗ്:

താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവർമ്മെണ്ട സദയം മറുപടി പറയുമോ.—

(എ) തോപ്പുംപടി ഭാഗത്തു് ഒരു അഞ്ചലാപ്പീസ് ഉണ്ടായിരുന്നതു് ഗവർമ്മെണ്ട നിർത്തൽ ചെയ്തുണ്ടായോ;

(ബി) ഉണ്ടെങ്കിൽ എന്തുകാരണംകൊണ്ടു നിർത്തൽചെയ്തു;

(സി) ഈ അഞ്ചലാപ്പീസ് പുനഃസ്ഥാപിച്ചു കിട്ടണമെന്നു സ്ഥലത്തുനിന്നും വല്ല അപേക്ഷകളോ ഹരജികളോ മറേറാ കിട്ടുകയുണ്ടായോ;

(ഡി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു ഗവർമ്മെണ്ടു് എന്തു നടപടി എടുത്തു?

മിസ്റ്റർ കെ. എസ്സ് രാഘവൻ:

(എ) ഉവ്വ്.

(ബി) അന്നത്തെ സ്ഥലമുടമസ്ഥൻ അദ്ദേഹത്തിന്റെ കെട്ടിടം മടക്കിക്കിട്ടുവാൻ ശഠിച്ചുകൊണ്ടും നഷ്ടോത്തരവാദം സമ്മതിച്ചു കച്ചീട്ടുവെക്കുവാൻ വേറെ ആളില്ലാതിരുന്നതുകൊണ്ടും പരീക്ഷണഘട്ടത്തിൽ കെട്ടിടവും ഫർനീച്ചർ സാമാനങ്ങളും മറവുള്ള ആപ്പീസുകൾക്ക എന്നപോലെ കൂലിക്കുടാതെ തരുവാൻ വേറെ ആളുകൾ ഇല്ലാതിരുന്നതുകൊണ്ടും ആകുന്നു.

(സി) ഉവ്വ്.

(ഡി) തുറക്കാതിരിക്കുവാനുള്ള കാരണങ്ങൾ കാണിച്ചു അപേക്ഷകന്മാർക്ക മറുപടികൊടുത്തിട്ടുണ്ട്.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ഈ നഷ്ടോത്തരവാദം സമ്മതിച്ചു് കച്ചീട്ടുവെക്കണമെന്നു പറയുന്നതു് എന്താണു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: എവിടെയെങ്കിലും ഒരു ബ്രാഞ്ചഞ്ചലാപ്പീസ്സ് തുടങ്ങണമെങ്കിൽ ആരെങ്കിലും അതിനുള്ള സ്ഥലവും കെട്ടിടവും ഫർണീച്ചറും നഷ്ടോത്തരവാദം സമ്മതിച്ചു ഒരു കച്ചീട്ട വെച്ചുതരണമെന്നുണ്ടു് അഞ്ചലാപ്പീസിനു ഏതെങ്കിലും നഷ്ടം സംഭവിച്ചാൽ അതിനു ഉത്തരം പറയുന്നതിനാണു് ഈ കച്ചീട്ടു്.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ഈ മറുപടിയുടെ ഉള്ളടക്കമെന്താണു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതുതന്നെയാണു് മറുപടിയിൽ പറഞ്ഞിരിക്കുന്നതു്.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ഏതെങ്കിലും അഞ്ചലാപ്പീസുണ്ടെങ്കിൽ അതുസ്ഥലവും കെട്ടിടവും ഫർണീച്ചർ സാമാനങ്ങളും കൊടുക്കുന്നതിനു പുറമെ ഈ നഷ്ടോത്തരവാദക്കച്ചീട്ടും കിട്ടിയതിനുശേഷം സ്ഥാപിച്ചിട്ടുള്ളതാണോ?

Mr. K. S. Raghavan *(Secretary to Government):* That is the policy of the department.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: അങ്ങിനെയല്ലാതെ തുറക്കാറില്ലെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അത്യാവശ്യമുണ്ടെങ്കിൽ തുറക്കും.

മിസ്റ്റർ ജി. എസ്സ് ധാരാസിംഗ്: തോപ്പും പടിയിൽ ഒരഞ്ചലാപ്പീസു ആവശ്യമുണ്ടെന്നു ഗവമ്മെണ്ടിനു തോന്നിയിട്ടില്ലെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: സബ്ബ് ആപ്പീസ് വേണമെന്നു തോന്നിയിട്ടില്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: മട്ടാഞ്ചേരിയുടെ വടക്കുഭാഗത്തു ഒരഞ്ചലാപ്പീസില്ലെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഉണ്ടു്. അതൊരു സബ്ബ് ആപ്പീസാണു്.

Mr. President: Order, order. I do not think that arises as a supplementary question. The Hon'ble Member is referring to quite a different Anchal Office from the one mentioned in the question.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: തോപ്പും പടിയിൽ അത്തരത്തിലുള്ള ഒരഞ്ചലാപ്പീസുതുടങ്ങുവാൻ സാധിക്കയില്ലെന്നാണൊ പറയുന്നതു്?

Mr. K. S. Raghavan *(Secretary to Government):* I want notice. There are Anchal Offices in Mattancheri, one in the Mattancheri Bazaar, there is one at Palluruthi.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ടി. ജേക്കബ്ബ്: തോപ്പുംപടി ജനങ്ങൾ വളരെ തിങ്ങിപാർക്കുന്ന ഒരു സ്ഥലമാണ്. അവിടെ രണ്ടു ഹൈസ്കൂളുണ്ട്. വളരെ തൊഴിലാളികൾ അവിടെ ജോലി ചെയ്യുന്നുണ്ട്. അവിടെയുള്ള ആളുകൾ, കത്തിടണമെങ്കിൽ മട്ടാഞ്ചേരിയിലൊ പള്ളുരുത്തിയിലൊ ഉള്ള അഞ്ചലാപ്പീസ്സിൽപോയി ഇടണം. മട്ടാഞ്ചേരി അഞ്ചലാപ്പീസിന്റേയും പള്ളുരുത്തി അഞ്ചലാപ്പീസിന്റേയും അകലം നോക്കിയാൽ ഇവിടെ ഒരുഅഞ്ചലാപ്പീസ്സ ആവശ്യമല്ലെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അവിടെ ഒരു സബ്ബ് ആപ്പീസ്സ തുറക്കേണ്ടവശ്യമുണ്ടെന്നു തോന്നുന്നില്ല.

Mr. P. T. Jacob *(Latin Christians-Mattancheri):* If there is an office there will be volume.

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അവിടെ അതു അത്യാവശ്യമാണെന്നു ഗവമ്മെണ്ടിനു തോന്നീട്ടില്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ആവശ്യമാണൊ എന്നു അന്വേഷിക്കാമൊ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: വളരെക്കാലമായിട്ടു അന്വേഷിച്ചിട്ടുള്ള ഒരു സംഗതിയാണിതു. ഞാൻ തന്നെ പലപ്പോഴും അന്വേഷിച്ചിട്ടുണ്ട്. അവിടെ ഒരു സബ്പോപ്പീസ്സിനു സ്കോപ്പില്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: വളരെ അധികം ഭീമഹർജികൾ അഞ്ചലാപ്പീസ്സ് ആവശ്യപ്പെട്ടുകൊണ്ടു് അയച്ചിട്ടുണ്ട്. അതുകൊണ്ടു ഗവമ്മെണ്ടിനു തോന്നിട്ടില്ലെ അവിടെ ആവശ്യമുണ്ടെന്നു?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അവിടെ ഒരു സബ്ബ്ഞ്ചലാപ്പീസ്സ് തുറക്കുന്നതിനു സ്കോപ്പില്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: സ്ഥലവും കെട്ടിടവും ഫർണീച്ചർ സാമാനങ്ങളും വെറുതെ കിട്ടുകയാണെങ്കിൽ തുറക്കുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: നഷ്ടോത്തരവാദത്തിനു കച്ചീട്ടും കൊടുക്കണം.

മിസ്റ്റർ പി. കുമാരൻ എഴത്തച്ഛൻ: സ്ഥലവും കെട്ടിടവും ഫർണീച്ചർ സാമാനവും നഷ്ടോത്തരവാദത്തിനു കച്ചീട്ടും വെച്ചുതന്നാലെ അഞ്ചലാപ്പീസ്സ് തുറക്കുകയുള്ളു എന്ന നയം ഗവമ്മെണ്ടു മാറുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതു വളരെ കാലമായി സ്വീകരിച്ചു പോരുന്ന ഒരു നയമാണ്. അതു മാറുവാൻ ഇപ്പോൾ നിവൃത്തിയില്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: നഷ്ടോത്തരവാദം ഏൽക്കുവാൻ ആളില്ലാത്ത സ്ഥലത്തു അഞ്ചലാപ്പീസ്സ് തുടങ്ങുകയില്ലെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഇപ്പോൾ നൂറ ബ്രാഞ്ചഞ്ചലാപ്പീസ്സുകളുണ്ട്. ഇതെല്ലാം അങ്ങിനെയാണു തുടങ്ങിയിട്ടുള്ളതു.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അവിടെ ഒരു സബ്ബഞ്ചലാപ്പീസ്സ് ആവശ്യമാണൊ എന്നുള്ളതിനെക്കുറിച്ചു അന്വേഷിക്കാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അന്വേഷിക്കാം.

റാവു സാഹിബ് കെ. അയ്യപ്പൻ: നഷ്ടോത്തരവാദത്തിനു കച്ചീട്ടുവെച്ചു പല സ്ഥലത്തും ബ്രാഞ്ചഞ്ചലാപ്പീസ്സ് തുടങ്ങീട്ടില്ലെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഉവ്വ്.

ALL INDIA COCOANUT BOARD SCHEME

315. Mr. V. R. Krishnan Ezhuthassan *(Oorakam):* Will Government be pleased to place on the Council Table a copy of the scheme, if any, of the work of the All India Cocoanut Board?

Mr. C. J. Mathew *(Secretary to Government):* The Indian Central Cocoanut Committee has been constituted for the improvement and development of the cultivation, marketing and utilisation of cocoanut and cocoanut products in India and in pursuance of this object the

LIBRARY ARCHIVES Kerala Legislative Assembly